# കേരളസർവകലാശാല

നം.പി.ആർ.188/2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

### നാലാം സെമസ്റ്റർ ബി.എഡ്. ഓൺലൈൻ പുനഃപരീക്ഷ

ജൂൺ 23, 24 തീയതികളിൽ നടത്തിയ നാലാം സെമസ്റ്റർ ബി.എഡ്. ഓൺലൈൻ പരീക്ഷ, കോവിഡ്–19 സാഹചര്യം മൂലം എഴുതാൻ കഴിയാത്ത വിദ്യാർത്ഥികൾക്കായി ഒക്ടോബർ 9 ന് തിരുവനന്തപുരം, കൊല്ലം, കോഴിക്കോട് എന്നീ കേന്ദ്രങ്ങളിലായി പരീക്ഷ നടത്തുന്നതാണ്. വിദ്യാർത്ഥികൾ അവർ പരീക്ഷ എഴുതാൻ ആഗ്രഹിക്കുന്ന പരീക്ഷാകേന്ദ്രങ്ങൾ അവരവരുടെ പ്രൊഫൈലിൽ ഒക്ടോബർ 4 ന് മുൻപായി രജിസ്റ്റർ ചെയ്യേണ്ടതാണ്.

### സെപ്റ്റംബർ 30 ന് നടത്താനിരുന്ന ഇലക്ഷൻ മാറ്റിവച്ചു

കേരളസർവകലാശാല സെപ്റ്റംബർ 30 ന് നടത്താൻ നിശ്ചയിച്ചിരുന്ന കേരള യൂണിവേഴ്സിറ്റി യൂണിയൻ (2019–20), സ്റ്റുഡന്റ്സ് കൗൺസിൽ, സെനറ്റ് തെരഞ്ഞെടുപ്പുകൾ ഇനിയൊരറിയിപ്പുണ്ടാകുന്നതുവരെ മാറ്റിവച്ചിരിക്കുന്നു.

### സൂക്ഷ്മപരിശോധന, പുനർമൂല്യനിർണ്ണയം – തീയതി നീട്ടി

2020 മാർച്ചിൽ നടന്ന ആറാം സെമസ്റ്റർ കരിയർ റിലേറ്റഡ് ബി.എ., ബി.എസ്സി., ബി.കോം., ബി.വോക്., ബി.ബി.എ., ബി.സി.എ., സി.ബി.സി.എസ്.എസ്. പരീക്ഷകളുടെ സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും അപേക്ഷകൾ നൽകുന്നതിനുള്ള അവസാന തീയതി ഒക്ടോബർ 12 വരെ നീട്ടിയിരിക്കുന്നു.

### എം.കോം. റൂറൽ മാനേജ്മെന്റ് – അപേക്ഷ ക്ഷണിക്കുന്നു

കേരളസർവകലാശാലയുടെ സെന്റർ ഫോർ റൂറൽ സ്റ്റഡീസ്, ആലപ്പുഴയുടെ കീഴിൽ പുതിയതായി ആരംഭിക്കുന്ന എം.കോം. റൂറൽ മാനേജ്മെന്റിന് അപേക്ഷ ക്ഷണിച്ചു. പി.ജി. പ്രവേശന പരീക്ഷയുടെ മാർക്ക് അടിസ്ഥാനത്തിലാണ് പ്രവേശനം. അപേക്ഷിക്കാനുള്ള അവസാന തീയതി ഒക്ടോബർ 4. വിശദവിവരങ്ങൾ www.admissions.keralauniversity.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

# <u>പരീക്ഷാഫലം</u>

2019 ഡിസംബറിൽ നടന്ന അഞ്ചാം സെമസ്റ്റർ എം.സി.എ. റെഗുലർ ആന്റ് സപ്ലിമെന്ററി (2015 സ്കീം) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

**പബ്ലിക്ക് റിലേഷൻസ് ഓഫീസർ**

**തിരുവനന്തപുരം**
**29.09.2020**


**e-mail:** ku.release@gmail.com **website:** www.keralauniversity.ac.in

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**